പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3759 — 14.03.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യവകുപ്പിന്റെ വില നിരീക്ഷണസെൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി. സി. കെ. ആശ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യവകുപ്പിന്റെ കീഴിൽ വില നിരീക്ഷണ സെൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഭക്ഷ്യ വകുപ്പിന്റെ കീഴിൽ ഒരു ജില്ലാ ഓഫീസറുടെ റാങ്കിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ ചുമതലയിൽ ഒരു വില നിരീക്ഷണസെൽ പ്രവർത്തിക്കുന്നു. |
| (ബി) ഫലപ്രദമായ വിപണി ഇടപെടലിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് വില നിരീക്ഷണസെൽ നടത്തുന്നത് ; | (ബി) 22 നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം 6 ജില്ലകളിൽ നിന്ന് ശേഖരിച്ച് നിത്യേന കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സമർപ്പിക്കുന്നുണ്ട്. ജില്ലാ സപ്ലൈ ഓഫീസ് തലത്തിൽ വിപണിയിടപെടലിനായി നടക്കുന്ന പരിശോധനകളും റെയിഡുകളും ക്രോഡീകരിക്കുകയും ചെയ്യുന്നു. |
| (സി) വില നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) നിലവിലെ പ്രവർത്തനങ്ങൾക്കു പുറമെ ബന്ധപ്പെട്ട മറ്റ് വകുപ്പുകളെയും കൂടി ഉൾപ്പെടുത്തി വില നിയന്ത്രിക്കുന്നതിനും വിപണിയിടപെടലിനുമായി സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള തീരുമാനം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ